**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2119 05.05.2017 ന് മറുപടിയ്ക്ക്.

**റാപ്പിഡ് റസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കാട്ടാനകൾ വ്യാപകമായി കൃഷിനശിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർണ്ണാടക വനമേഖലയിൽ നിന്നും വരുന്ന കാട്ടാനകൾ കൃഷിയിടങ്ങളിലിറങ്ങി കൃഷി നശിപ്പിക്കാറുണ്ട്. |
| (ബി) ഇത്തരം ഘട്ടങ്ങളിൽ പ്രവർത്തിക്കുന്നതിനായി റാപ്പിഡ് റസ്പോൺസ് ടീം പ്രസ്തുത ജില്ലക്കും അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 73/2014 വനം തീയതി 28.02.2014 പ്രകാരം കാസർഗോഡ് ഉൾപ്പെടെ 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ഉത്തരവിൽ ടി റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക് വേണ്ടി പുതിയ തസ്തികകൾക്കോ വാഹനങ്ങൾക്കോ അനുമതി ഉണ്ടായിരുന്നില്ല. ആയതിനാൽ നിലവിലെ ജീവനക്കാർ, വാഹനങ്ങൾ എന്നിവ പുനഃക്രമീകരിച്ചുകൊണ്ടും ലഭ്യമായ അടിസ്ഥാന സംവിധാനങ്ങൾ പുനഃസംവിധാനം ചെയ്തുകൊണ്ടും റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിക്കുന്നു. |
| (സി) റാപ്പിഡ് റസ്പോൺസ് ടീം ജില്ലക്ക് അനുവദിച്ച ഉത്തരവല്ലാതെ സ്റ്റാഫിനേയും, വാഹനവും ഇതുവരെ അനുവദിച്ചില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ ജീവനക്കാർ, വാഹനങ്ങൾ എന്നിവ പുനഃക്രമീകരിച്ചുകൊണ്ടും ലഭ്യമായ അടിസ്ഥാന സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടും നിലവിൽ റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ഡി) എങ്കിൽ വന്യമൃഗങ്ങളുടെ ശല്യം കൂടികൊണ്ടിരിക്കുന്ന പ്രസ്തുത ജില്ലയിൽ റാപ്പിഡ് റസ്പോൺസ് ടീം പ്രവർത്തനസജ്ജമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ വാഹനം നൽകുന്നതും, തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ